ശ്രീ. സി. കേശവൻ : ശമ്പളം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഇവയുടെ വില കൂട്ടണമെന്നു് ഒരു നിർദ്ദേശവുമില്ല. വില കൂട്ടാതെതന്നെ ഈ കാര്യം നിവൃഹിക്കാമെന്നാണു് അവർ സമ്മതിച്ചിട്ടുള്ളതു്.

അഞ്ചൽ കാർഡുവില

*൧൧൨൦. (൧൪) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട അഞ്ചൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അഞ്ചൽ കാർഡിന്റെ വില കൂട്ടുവാൻ ആലോചിക്കുന്നുണ്ടോ ;

(ബി) എന്തു സംഖ്യയാണു് കൂട്ടണമെന്നു് വിചാരിക്കുന്നതു് ;

(സി) എന്നുമുതൽ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) അഞ്ചൽ കാർഡിന്റെ വില കൂട്ടുന്നതെന്നു് ഇൻഡ്യാഗവൺമെണ്ടിനെ അറിയിച്ചിട്ടുണ്ടു്. എന്നാൽ അതിന്മേൽ അവസാനമായി യാതൊരു തീരുമാനവും ഉണ്ടായിട്ടില്ല.

(ബി & സി) ചോദ്യം ഉദിക്കുന്നില്ല.

വിദേശ മദ്യം

*൧൧൨൧. (൧൫) ശ്രീമതി ദേവകി ഗോപിദാസ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സ്റ്റോറിൽ പരിപൂർണ്ണ മദ്യവർജ്ജനം നടപ്പിലാക്കിയാൽ ഗവൺമെണ്ടിനു് തുണ്ടിൽ എന്തു നഷ്ടം വരുമെന്നു പറയാമോ;

(ബി) തിരുവിതാംകൂർ–കൊച്ചി സ്റ്റോറിൽ ൧൯൫൦–ൽ എത്ര രൂപയുടെ വിദേശമദ്യം ഇറക്കുമതി ചെയ്തിട്ടുണ്ടെന്നു പറയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉദ്ദേശം മൂന്നു കോടി രൂപാ.

(ബി) വിവരങ്ങൾ ശേഖരിച്ചു വരികയാണു്.

ശ്രീമതി ദേവകി ഗോപിദാസ് : ഈ നഷ്ടം പരിഹരിക്കുന്നതിനല്ലേ സെയിൽസ്ടാക്സ് ഏർപ്പെടുത്തിയതു്?

ശ്രീ. സി. കേശവൻ: അതിനുംകൂടെ വക കണ്ടിരുന്നു.

ലേഡി ഡാക്ടറന്മാർ

*൧൧൨൨. (൧൭) ശ്രീമതി ദേവകി ഗോപിദാസ് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സ്റ്റോറിൽ ലേഡി ഡാക്ടറന്മാർ ഇല്ലാത്ത ആശുപത്രികളും ഉണ്ടോ;

(ബി) ലേഡി ഡാക്ടറന്മാർ ഇല്ലാത്ത ആശുപത്രികളിലെ സ്ത്രീരോഗികൾ വളരെ ബുദ്ധിമുട്ടും വിഷമവും അനുഭവിക്കുന്നുണ്ടെന്നുള്ള വിവരം ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly